പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1898** **01.11.2019 ൽമറുപടിയ്ക്ക്**

## ഇന്റർനാഷണൽ ഡ്രൈവിംഗ് പെർമിറ്റ്

| | ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വിദേശത്ത് പോകുന്നവർ പ്രസ്തുത രാജ്യത്തെ ഡ്രൈവിംഗ് ലൈസൻസ് എടുക്കാതെ ഒരു വർഷം വരെ വാഹനം ഓടിക്കുവാൻ അനുമതി കിട്ടുന്ന ഇന്റർനാഷണൽ ഡ്രൈവിംഗ് പെർമിറ്റ് സംസ്ഥാനത്ത് വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ അതിനായുള്ള നടപടിക്രമം എന്താണ്; | (എ) | ഉണ്ട്. അപേക്ഷകൻ ഏത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ പരിധിയിലാണോ ടി ഓഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. കൂടാതെ, നിശ്ചിത ഫീസും, സർവ്വീസ് ചാർജ്ജും (700/- രൂപ) അടച്ചതിന്റെ രസീത്. 3 പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോകൾ, പാസ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വിസയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പൗരത്വം തെളിയിക്കുന്നതിനുള്ള രേഖ, സാധുതയുള്ള ഡ്രൈവിംഗ് ലൈസൻസ്, ഫോറം 1 എ യിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, നേത്ര പരിശോധന സർട്ടിഫിക്കറ്റ് എന്നിവയോടൊപ്പം അപേക്ഷകൻ സ്ഥിരമായി താമസിക്കുന്ന ജില്ലയിലെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് ഫോറം 4(എ) ൽ നേരിട്ട് അപേക്ഷ നൽകേണ്ടതാണ്. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ നിശ്ചയിക്കുന്ന ദിവസം എല്ലാ രേഖകളുടേയും ഒറിജിനൽ സഹിതം അപേക്ഷകൻ നേരിട്ട് ഹാജരാകേണ്ടതും, ആവശ്യമായ പരിശോധനകൾക്ക് ശേഷം ഡ്രൈവിംഗ് പെർമിറ്റ് നൽകുന്നതുമാണ്. ഇന്റർനാഷണൽ ഡ്രൈവിംഗ് പെർമിറ്റിന്റെ കാലാവധി ഒരു വർഷം മാത്രമാണ്. ആയത് പുതുക്കാവുന്നതല്ല. |
| (ബി) | 2016 ന് ശേഷം ഇപ്രകാരം എത്രപേർക്ക് ഇന്റർനാഷണൽ ഡ്രൈവിംഗ് പെർമിറ്റ് അനുവദിച്ചു എന്ന് വ്യക്തമാക്കുമോ? | (ബി) | 01/01/2016 മുതൽ 28/10/2019 വരെ 18639 എണ്ണം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ